നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudidaily

പഞ്ചഗുസ്തിയിൽ ആര്യയ്ക്ക് ദേശീയ അംഗീകാരം

ആര്യ ട്രോഫിയുമായി

മണ്ണാർക്കാട്: മഹാരാഷ്ട്രയിൽ നടന്ന പഞ്ചഗുസ്തി മത്സരത്തിൽ നാഷണൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി ആര്യ. നാഷണൽ പഞ്ചഗുസ്തി യുത്ത് 50 കെ.ജി വിഭാഗത്തിലാണ് ഈ നേട്ടം. ഇതോടെ ദേശീയ ലീഗ് മത്സരമായ പ്രോ പഞ്ചാബ് ലീഗ് മത്സരങ്ങളിലേക്ക് ആര്യ തെരഞ്ഞെടുക്കപ്പെട്ടു. സോണി ഉൾപ്പടെ സ്പോർട്സ് ചാനലുകൾ ലീഗ്മത്സരങ്ങൾ സംപ്രേഷണം ചെയ്യും. കോടതിപ്പടി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന നൻമ കാന്റീൻ ഉടമ കെ.എച്ച്.ആർ.എ മെമ്പർ സബിതയുടെ മകളാണ് ആര്യ. ആര്യയെ കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ മണ്ണാർക്കാട് യൂണിറ്റ് അനുമോദിച്ചു.

നാഗലശ്ശേരി പഞ്ചായത്ത് ലൈബ്രറി നേതൃസമിതി കൺവെൻഷൻ വി.പി.ഐദ്രു ഉദ്ഘാടനം ചെയ്യുന്നു.

നാഗലശ്ശേരി പഞ്ചായത്ത് ലൈബ്രറി കൗൺസിൽ

പട്ടാമ്പി: നാഗലശ്ശേരി പഞ്ചായത്ത് ലൈബ്രറി കൗൺസിൽ നേതൃസമിതി കൺവെൻഷൻ ജില്ലാ ലൈബ്രറി കൗൺസിൽ അംഗം വി.പി.ഐദ്രു ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് നേതൃസമിതി ചെയർമാൻ ഇ.അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു. വായന പക്ഷാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. കൺവീനർ പി.വി.കുട്ടി നാരായണൻ, പി.കെ.മനോജ്, മുത്തു , കണ്ടുകളം, വി.മോഹനൻ, കെ.ആർ.ശ്രീഷ്ണ, കെ.മണികണ്ഠൻ എന്നിവർ സംസാരിച്ചു.

തൃത്താല ഗവ. ആശുപത്രിയെ സർക്കാർ അവഗണിക്കുകയാണെന്ന് ആരോപിച്ച് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ പ്രതിഷേധ മാർച്ച്

തൃത്താലയിൽ കോൺഗ്രസ് പ്രതിഷേധം

പട്ടാമ്പി: തൃത്താല ഗവ. ആശുപത്രിയെ സർക്കാർ അവഗണിക്കുകയാണെന്ന് ആരോപിച്ച് തൃത്താല മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രതിഷേധ മാർച്ച് നടത്തി. കെ.പി.സി.സി നിർവ്വാഹക സമിതിയംഗം സി.വി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എം.മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. മരുന്നുകളുടെ ക്ഷാമം, നിറുത്തലാക്കിയ കിടത്തി ചികിത്സ, ആശുപത്രിക്ക് മുന്നിലെ വെള്ളക്കെട്ട്, ആശുപത്രി റോഡിന്റെ തകർച്ച തുടങ്ങി പ്രശ്നങ്ങൾ ഉന്നയിച്ചായിരുന്നു സമരം. ആശുപത്രി അടിസ്ഥാന വികസനത്തിനായി മണ്ഡലം എം.എൽ.എ കൂടിയായ മന്ത്രി എം.ബി.രാജേഷ് പ്രഖ്യാപിച്ച 12.5 കോടിയുടെ പ്രവർത്തികളിൽ ഒന്നുപോലും തുടങ്ങിയില്ലെന്ന് സമരക്കാർ കുറ്റപ്പെടുത്തി. ഡി.സി.സി സെക്രട്ടറി പി.വി.മുഹമ്മദ്അലി, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് കെ.വിനോദ്, ഡി.സി.സി മെമ്പർ വി.പി.ഇബ്രാഹിംകുട്ടി, കെ.ഷംസുദീൻ, എം.സി.സത്യൻ, എം.മുരളീധരൻ, പി.എം.മോഹൻദാസ്, ടി.പി.മണികണ്ഠൻ, ഇ.രാജേഷ്, പി.വി.മുഹമ്മദ്ഷാഫി, ഇ.രാണി, പി.ദാസൻ, പി.വി.ഗഫൂർ, പ്രിയ പ്രമോദ് എന്നിവർ പ്രസംഗിച്ചു.

പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ 83 കി.ഗ്രാം പുരുഷ വിഭാഗത്തിൽ മൂന്നാം സ്ഥാനം ലഭിച്ച അഭിലാഷ് കമാറിനെ ആദരിച്ചപ്പോൾ.

പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് വിജയിയെ ആദരിച്ചു

പട്ടഞ്ചേരി: 2024 ജൂൺ 8, 9, 10 തീയതികളിൽ ഡൽഹിയിൽ നടന്ന നാഷണൽ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്ന് പങ്കെടുത്ത പുരുഷ -83 കി.ഗ്രാം വിഭാഗത്തിൽ മൂന്നാം സ്ഥാനം ലഭിച്ച ടൗൺ നോർത്ത് പി.എസിലെ എസ്.സി.പി.ഒയും ഇടയൻ കുളമ്പിൽ നിവാസിയുമായ അഭിലാഷ് കമാറിനെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്.ശിവദാസ്, 12-ാം വാർഡ് മെമ്പർ സതീഷ് ചോഴിയക്കാടൻ എന്നിവർ ചേർന്ന് ആദരിച്ചു.

ട്രൈബൽ പാരാമെഡിക്സ് ട്രെയ്നി നിയമനത്തിന് അപേക്ഷിക്കാം

അട്ടപ്പാടി: ഐ.ടി.ഡി.പി ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്ന നഴ്സിംഗ് ഉൾപെടെയുള്ള പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളിൽനിന്നും താത്കാലിക അടിസ്ഥാനത്തിൽ ട്രൈബൽ പാരാമെഡിക്സ് ട്രെയ്നി നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. യോഗ്യത നഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ കോഴ്സ്, ബിരുദം/ഡിപ്ലോമ. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. പ്രായം: 21-35. നിയമന കാലാവധി: ഒരുവർഷം. അവസാന തിയ്യതി: ജൂൺ 30. ഉദ്യോഗാർഥികൾ അസൽ പ്രമാണങ്ങൾ, തിരിച്ചറിയൽ രേഖ, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മിനി സിവിൽ സ്റ്റേഷൻ അഗളി, ഐ.ടി.ഡി.പി ഓഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അഗളി, പുതൂർ, ഷോളയൂർ എന്നീ ഓഫീസുകൾ മുഖേനയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ: 04924 254382.

കുരുക്കോട് കുരുക്ക്... പാലക്കാട് റെയിൽവേ ഡിവിഷനു കീഴിൽ ട്രാക്ക് അറ്റകുറ്റപ്പണികൾ നടക്കുന്നതിന്റെ ഭാഗമായി ഒലവക്കോട് ഗെയ്റ്റ് അടച്ചതിനെ തുടർന്ന് ശംഖ് വാരതോട് റെയിൽവേ അടിപാതയിൽ അനുഭവപ്പെട്ട ഗതാഗതക്കുരുക്ക്.

മീങ്കര ചുള്ളിയാർ ഡാമുകൾ നിറയ്ക്കണം: ജലസംരക്ഷണ സമിതി

മീങ്കര ഡാം

മുതലമട: മഴക്കാലത്തു തന്നെ മീങ്കര ചുള്ളിയാർ ഡാമുകൾ നിറയ്ക്കണമെന്ന് മീങ്കര ചുള്ളിയാർ ജലസംരക്ഷണ സമിതി യോഗം ആവശ്യപ്പെട്ടു. കഴിഞ്ഞ ജലവർഷത്തിൽ ചുള്ളിയാർ ഡാമിൽ നിന്നും അഞ്ചു ദിവസവും മീങ്കര ഡാമിൽ നിന്നും ഒന്നര ദിവസവും മാത്രമാണ് ജലസേചനം നടത്തിയത്. മഴക്കാലത്ത് പുഴയിലേക്ക് ഒഴുകേണ്ട വെള്ളം ഡാമിലേക്ക് തിരിച്ചു വിടാത്തത് ഉദ്യോഗസ്ഥ വീഴ്ചയായിരുന്നു. ആ വീഴ്ച ഇത്തവണ സംഭവിക്കരുതെന്നും ജല കലണ്ടർതയ്യാറാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ചെയർമാൻ എ.എൻ.അനുരാഗ് അദ്ധ്യക്ഷനായി. ജനറൽ കൺവീനർ സജേഷ് ചന്ദ്രൻ, കോ ഓർഡിനേറ്റർ പി.സതീഷ്, രക്ഷാധികാരി ആർ.അരവിന്ദാക്ഷൻ, ഖജാൻജി വി.വിജയരാഘവൻ, ആർ.ബിജോയ്, എസ്.അമാനുള്ള, എസ്.ദിവാകരൻ, കെ.രാമദാസ്, കെ.മാരിമുത്തു എന്നിവർ സംസാരിച്ചു.

റേഷൻ സ്റ്റോക്കില്ല: പട്ടാമ്പിയിൽ വിതരണം അവതാളത്തിൽ

▸വീരാവുണ്ണിമുള്ളത്ത്

- 70 കോടിയോളം രൂപയാണ് റേഷൻ കടകളിലേക്ക് സാധനങ്ങൾ എത്തിക്കുന്ന വാതിൽപ്പടി വിതരണക്കാർക്ക് നൽകാനുള്ളത്
- മാസം പകുതിയാകുന്നതിന് മുമ്പ് തന്നെ ഒട്ടുമിക്ക റേഷൻ കടകളിലും അരി അടക്കമുള്ള സാധനങ്ങൾ തീർന്നു.
- സാധാരണ അതാത് മാസം പത്താം തീയതിയോടെയാണ് പുതിയ മാസത്തെ അലോട്ട്മെന്റ്. എന്നാൽ ഈ മാസം 15 ആയിട്ടും റേഷൻ സാധനങ്ങൾ എത്തിയിട്ടില്ല.

പട്ടാമ്പി: റേഷൻ സാധനങ്ങൾ സ്റ്റോക്കില്ലാത്തത് കാരണം പട്ടാമ്പി താലൂക്കിലെ റേഷൻ വിതരണം താളം തെറ്റുന്നു. മൂൻ മാസങ്ങളിൽ റേഷൻ കാർഡ് ഉടമകൾ വാങ്ങിക്കാതെ ബാക്കിയുള്ള സ്റ്റോക്ക് ജൂൺ മാസത്തിൽ കുറച്ച് പേർക്ക് വിതരണം ചെയ്തത് ഒഴിച്ചാൽ നടപ്പ് മാസം വിതരണം ചെയ്യാനുള്ള സാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്കില്ല. റേഷൻ കടകളിലേക്ക് സാധനങ്ങൾ എത്തിക്കുന്ന വാതിൽപ്പടി കരാറുകാർക്ക് പണം നൽകാതായതോടെ അവർ സമരത്തിലാണ്. ഇതാണ് റേഷൻ കടകളുടെ ഇപ്പോഴത്തെ പ്രതിസന്ധിക്കാരണം. 70 കോടിയോളം രൂപ വാതിൽപ്പടി വിതരണക്കാർക്ക് നൽകാനുണ്ട്. വാതിൽപ്പടി വിതരണക്കാരുടെ സമരം അവസാനിപ്പിച്ചില്ലെങ്കിൽ റേഷൻ കടകൾ അടച്ച്പൂട്ടേണ്ട സ്ഥിതിയിലേക്കെത്തുമെന്ന് റേഷൻ കട ഉടമകൾ പറഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തിൽ റേഷൻ കടകളിൽ സാധനം വാങ്ങാൻ വരുന്നവർ വെറും കൈയോടെ നിരാശരായി മടങ്ങുകയാണ്. വിൽക്കുന്ന സാധനങ്ങൾക്ക് അനുസരിച്ചുള്ള കമ്മീഷനാണ് റേഷൻ കടക്കാരന് ലഭിക്കുന്നത്. യഥാസമയം ഭക്ഷ്യധാന്യങ്ങൾ എത്തിക്കാത്തത് മൂലം റേഷൻ വ്യാപാരികൾക്ക് വരുമാനം നഷ്ടമുണ്ടാകുകയും ചെയ്യും. ബലിപെരുന്നാളിന് ഒരു ദിവസം മാത്രം ബാക്കി നിൽക്കെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും നിരുത്തരവാദപരമായ സമീപനം മാറ്റണമെന്നാണ് റേഷൻ കാർഡ് ഉടമകളുടെ ആവശ്യം. അല്ലാത്തപക്ഷം 2013 ലെ ഭക്ഷ്യസുരക്ഷാ നിയമത്തിൽ പറയുന്നപോലെ റേഷൻ സാധനങ്ങളുടെ വില നൽകാൻ സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷനോട് നിർദേശം നൽകേണ്ടതാണെന്നും കാർഡ് ഉടമകൾ ആവശ്യപ്പെടുന്നത്.

ആദിവാസി യുവതികൾക്കായി സൂപ്പർ 100

പാലക്കാട്: അട്ടപ്പാടി ബ്ലോക്കിൽ നിന്ന് ആദിവാസി വിഭാഗത്തിലെ 100 പെൺകുട്ടികൾക്ക് ശാസ്ത്രാവബോധം വളർത്താനും ശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളിലേക്ക് അവരെ കൊണ്ടുവരുന്നതിനുമായി 'സൂപ്പർ 100' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പ്രോജക്ട് കോർഡിനേറ്റർ തസ്തികയിലേക്ക് യോഗ്യതയുള്ളവരിൽ നിന്ന് അസാപ് കേരള അപേക്ഷ ക്ഷണിച്ചു. യോഗ്യത: സോഷ്യൽ വർക്കിൽ ബിരുദാനന്തരബിരുദം (എം.എസ്.ഡബ്ല്യൂ) / എം.ബി.എ / 4 വർഷത്തെ ഏതെങ്കിലും പ്രൊഫഷണൽ ബിരുദം). സ്ത്രീകൾക്ക് വേണ്ടി അട്ടപ്പാടി മേഖലയിലെ സാമൂഹിക പ്രതിബദ്ധതയുള്ള പ്രോജക്ടുകൾ കൈകാര്യം ചെയ്യുവർക്ക് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 24. തൊഴിൽ കാലയളവ്: 11 മാസം. റിപ്പോർട്ടിംഗ് സ്റ്റേഷൻ: പാലക്കാട്.

■ പാലക്കാട് മെഡിക്കൽ കോളേജ്

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് സർക്കാരിന്റെ പിടിപ്പുകേട്: വി.കെ.ശ്രീകണ്ഠൻ

പാലക്കാട് ഗവ. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ മെഡിക്കൽ കോളേജിന് മുന്നൽ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യവുമായി സമര പന്തലിൽ എത്തിയ വി.കെ.ശ്രീകണ്ഠൻ എം.പി വിദ്യാർത്ഥികളോട് സംസാരിക്കുന്നു.

പാലക്കാട്: സർക്കാർ മെഡിക്കൽ കോളേജ് പാലക്കാട്ട് യാഥാർത്ഥ്യമായി പത്തു വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾ പോലും ഒരുക്കാത്തത് സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടാണെന്ന് വി.കെ.ശ്രീകണ്ഠൻ എം.പി. അദ്ധ്യാപകരെ നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണമെന്നാവശ്യപ്പെട്ട് പാലക്കാട് ഗവ. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരപ്പന്തലിലെത്തിയതായിരുന്നു അദ്ദേഹം.

അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തതിന്റെ അനന്തരഫലം അനുഭവിക്കുന്നത് രോഗികളും മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുമാണ്. പോരായ്മകൾ ചൂണ്ടിക്കാട്ടുമ്പോൾ ആരോഗ്യവകുപ്പും പിന്നാക്ക വികസന വകുപ്പും പരസ്പരം പഴിചാരുകയാണ്.

മെഡിക്കൽ കോളേജിലേക്ക് രോഗികൾ ആശങ്കയോടെയാണ് കടന്നുവരുന്നത്. മുഖ്യമന്ത്രിയും സർക്കാരും എത്രയും പെട്ടെന്ന് ഇടപെട്ട് വിഷയം ഗൗരവമായി പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കണം. വിഷയം ഉടൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും വി.കെ.ശ്രീകണ്ഠൻ പറഞ്ഞു. മെഡിക്കൽ കോളേജിലെ വിദ്യാർഥി പ്രതിനിധികളുമായും സമരക്കാരുമായും സംസാരിച്ച ശേഷമാണ് എംപി മടങ്ങിയത്. ഇതിനിടെ വിദ്യാർത്ഥികളുടെ രാപകൽ സമരം ആറാം ദിവസത്തിലേക്ക്കടന്നു. കഴിഞ്ഞദിവസം മന്ത്രി കെ.രാധാകൃഷ്ണനുമായി നടത്തിയ ചർച്ചയിലും ഫലമുണ്ടാകാത്തതിനെ ഉടർന്നാണ് സമരം നീട്ടാൻ തീരുമാനിച്ചത്. സ്ഥിരം അദ്ധ്യാപകരുടെ നിയമനകാര്യത്തിൽ ഒരു തീരുമാനവും ഉണ്ടായില്ലെന്ന് വിദ്യാർത്ഥികൾ പറഞ്ഞു. പാലക്കാട് മെഡിക്കൽ കോളജിൽ ആദ്യം വിദ്യാർത്ഥികൾ സൂചനാ സമരം നടത്തിയിരുന്നു. പിന്നീട് രക്ഷാകർതൃ സമിതി കലക്ടറേറ്റ് പടിക്കലും സമരം നടത്തി. എന്നിട്ടും അധികൃതരുടെ ഭാഗത്ത് നിന്നും നടപടി ഉണ്ടാവാത്തതിന ഉടർന്നാണ് അനിശ്ചിതകാല സമരവുമായി മുന്നോട്ടുപോയത്.

ഒറ്റപ്പാലം യൂണിയൻ യൂത്ത് മൂവ്മെന്റ് വിശേഷാൽ പൊതുയോഗം യൂണിയൻ സെക്രട്ടറി സി.സി.ജയൻ ഉദ്ഘാടനം ചെയ്യുന്നു

എസ്.എൻ.ഡി.പി ഒറ്റപ്പാലം യൂത്ത് മൂവ്മെന്റ് പൊതുയോഗം

ഷോർണൂർ: എസ്.എൻ.ഡി.പി യോഗം താലൂക്ക് യൂണിയൻ യൂത്ത് മൂവ്മെന്റ് വിശേഷാൽ പൊതുയോഗം യൂണിയൻ സെക്രട്ടറി സി.സി.ജയൻ ഉദ്ഘാടനം ചെയ്തു. യൂത്ത് മൂവ്മെന്റ് യൂണിയൻ പ്രസിഡന്റ് പ്രവീൺ കണ്ടമ്പിള്ളി അദ്ധ്യക്ഷനായി. 170-ാമത് ശ്രീനാരായണ ഗുരുജയന്തി ആഘോഷത്തോടനുബന്ധിച്ച് യൂത്ത് മൂവ്മെന്റും വനിതാ സംഘവും സംയുക്തമായി കലാകായിക മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു.

യൂത്ത് മൂവ്മെന്റിന്റെ പ്രവർത്തന ഫണ്ട് സ്വതന്ത്രീകരണത്തിനായി സമ്മാനക്കൂപ്പൺ പദ്ധതി നടപ്പാക്കും. യൂത്ത് മൂവ്മെന്റ് സെക്രട്ടറി ടി.ആർ.ജോഷ്, കെ.ദാസൻ, എ.ടി.സുരേന്ദ്രൻ, അരുൺ, സുമേഷ്, കെ.രാജേഷ് എന്നിവർ സംസാരിച്ചു.

അക്ഷയ ജില്ല ഓഫീസ് പാലക്കാട് സിവിൽ സ്റ്റേഷനിൽ

സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിച്ച അക്ഷയ ജില്ല ഓഫീസ് ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര ഉദ്ഘാടനം ചെയ്യുന്നു.

പാലക്കാട്: അക്ഷയ ജില്ല ഓഫീസ് സിവിൽ സ്റ്റേഷനിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചു. പുതിയ ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര നിർവഹിച്ചു.

ജില്ലാ കോർഡിനേറ്റർ സി.എസ്.മഹത്, ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ സുരേഷ്കുമാർ, ഫിനാൻസ് ഓഫീസർ യു.വി.പ്രസീത, ഐ.ടി.സെൽ ജില്ലാ കോർഡിനേറ്റർ യു.കെ.സുരേഷ് ഉടങ്ങിയവർ പങ്കെടുത്തു.

നൈനാൻ കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന ഓഫീസാണ് സിവിൽ സ്റ്റേഷനിലേക്ക് മാറ്റിയത്. ജില്ലയിലെ അക്ഷയ കേന്ദ്രങ്ങളുടെ ഏകോപനം ജില്ലാ ഓഫീസാണ് നിർവഹിക്കുക. പൊതുജനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്കും പരാതികൾക്കും ജില്ലാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ചിറ്റൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ അദ്ധ്യാപക ഒഴിവ്

ചിറ്റൂർ: സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ 2024-25 അദ്ധ്യയന വർഷത്തേക്ക് എച്ച്.എസ്.എ സോഷ്യൽ സയൻസ്, ഗണിതശാസ്ത്രം തസ്തികകളിൽ താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനായി ജൂൺ 18ന് കൂടിക്കാഴ്ച നടത്തും. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും ബി.എഡും കൈടെറ്റ്/ സെറ്റ്/ നെറ്റ്. പ്രവൃത്തി പരിചയം അഭികാമ്യം. താത്പര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, തിരിച്ചറിയൽ രേഖകൾ സഹിതം രാവിലെ 10ന് സൂപ്രണ്ട് മുമ്പാകെ ഹാജരാകണമെന്ന് സൂപ്രണ്ട് അറിയിച്ചു.

നോട്ടീസ്

മാർച്ച് 1979 വർഷത്തെ 279463 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറിമുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

രാധാമണി. പി
D/o കൃഷ്ണൻകുട്ടി നായർ
കളത്തിൽ ഹൗസ്
പുളിനെല്ലി പി.ഒ
കോട്ടായി, പാലക്കാട്

നോട്ടീസ്

മാർച്ച് 2002, 2003, 2004, 2005 വർഷങ്ങളിലെ 525573, 507012, 691970, 734553 രജിസ്റ്റർ നമ്പരുകളിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

മിഥുൻ. ആർ S/o രാധാകൃഷ്ണൻ
താമരക്കുളം (h) കിഴക്കേത്തറ
മാത്തൂർ, പാലക്കാട്

DhanlaxmiBank established 1927

ധനലക്ഷ്മി ബാങ്ക്, പാലാരിവട്ടം ശാഖ, 32/2383, കെ.എം.എം. ബിൽഡിംഗ്, കെ.എസ്.ഇ.ബിക്ക് എതിർവശം, എസ്.എൻ. ജംഗ്ഷൻ, പാലാരിവട്ടം, എറണാകുളം - 682025. റീജിയണൽ ഓഫീസ്: എറണാകുളം കോർപ്പറേറ്റ് ഓഫീസ്: തൃശ്ശൂർ

സ്ഥാവരവസ്തുക്കളുടെ വില്പന സംബന്ധിച്ച വിലപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 2002ലെ റൂൾ 8 (6) ലെ നിബന്ധനകൾ പ്രകാരം സ്ഥാവര വസ്തുവു ഇാക്കൺ മുഖേനയുള്ള വില്പന സംബന്ധിച്ചു നല്കപെടുന്ന വില്പന പരസ്യം വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകിച്ചും സാമാന്യ ജനങ്ങൾക്ക് പൊതുവായും നൽകുന്ന അറിയിപ് എന്തെന്നാൽ ധനലക്ഷ്മി ബാങ്കിലക്ക് ലഭിക്കാൻ 31.05.2024ന് കുടിശ്ശിക ഉള്ളതും ഈണായാകനായ ധനലക്ഷ്മി ബാങ്കിന്റെ എറണാകുളം പാലാരിവട്ടം ശാഖയിലേയ്ക്ക് എക്സിം ഐപെസ് ഐപെസ്പറ്റ് ലിമിറ്റഡിൽനിന്നും ലഭിക്കേണ്ടതുമായ തുക 19,22,05,684.75 രൂപ പ്രത്യൊമ്പത് കോടി ഇരുപത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി അറനൂറ്റി എൺപത്തിനാല് രൂപ എഴുപത്തഞ്ച് പൈസ) ഈടാക്കുന്നതിലേയ്ക്കായി ഈണദായകന് പണയപെടുത്തിയിട്ടുള്ളതും ധനലക്ഷ്മി ബാങ്കിന്റെ അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ കൈവശ അവകാശം എടുത്തിട്ടുള്ളതുമായ താഴെ വിവരിക്കുന്ന പണയപെടുത്തിയിട്ടുള്ളതായ സ്ഥാവര വസ്തു വഹകൾ **01.08.2024 വ്യാഴാഴ്ച്ച** എവിടെയാണോ', 'എന്താണോ', 'എങ്ങിനെയാണോ' ആ അവസ്ഥയിൽ വില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

1-ാം നമ്പർ വസ്തു വഹകൾക്ക് : അടിസ്ഥാനവില 5,71,00,000.00 (അഞ്ച് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപ). നിരത ദ്രവ്യം: 57,10,000.00 രൂപ (അമ്പത്തേഴ് ലക്ഷത്തി പതിനായിരം രൂപ)

2-ാം നമ്പർ വസ്തു വഹകൾക്ക് : അടിസ്ഥാനവില 3,90,00,000.00 (മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ). നിരത ദ്രവ്യം: 39,00,000.00 രൂപ (മുപ്പത്തൊമ്പത് ലക്ഷം രൂപ)

സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ1

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ എളപ്പുള്ളി വില്ലേജിൽ റീസർവ്വേ നമ്പർ 213/1,3,4 & 5, റീ സർവ്വേ ബ്ലോക്ക് നമ്പർ 40, പഴയ സർവേ നമ്പർ 354B5ൽപെടുന്നതും പാലക്കാട് സബ് രജിസ്ട്രാർ ഓഫിസിലെ ഇഷ്ടാന ആധാര നമ്പർ 5150/2007 പ്രകാരം ശ്രീമതി അനുപമ അജിത്തിന്റെ പേരിലുള്ളതുമായ 77.50 ആർസ് സ്ഥലവും അതിലിരിപ് ഫാക്ടറി കെട്ടിടവും ഇതര ചമയങ്ങളും.

പാലക്കാട് സബ് രജിസ്ട്രാർ ഓഫിസിലെ ഇഷ്ടാന ആധാര നമ്പർ 5150/2007 പ്രകാരമുള്ള അതിരുകൾ: വടക്ക്: പഞ്ചായത്ത് റോഡ്, തെക്ക